# കേരള സംഗീത നാടക അക്കാദമി, തൃശൂർ - 20

## അമേച്വർ കലാസംഘടന/കലാസ്ഥാപനങ്ങൾക്ക് അംഗീകാരത്തിനുള്ള അപേക്ഷ.

1. കലാസംഘടന/കലാസ്ഥാപനത്തിന്റെ പേരും പൂർണ്ണമായ മേൽവിലാസവും (പിൻകോഡും ജില്ലയും ഉൾപ്പെടെ)

2. സ്ഥാപിച്ച തീയതി [ | ] മാസം [ | ] വർഷം [ | | | ]

3. കലാസംഘടനയോ/കലാസ്ഥാപനമോ

| കലാസംഘടന | സ്ഥാപനം |
|---|---|

4. സമിതിയുടെ ഫോൺ നമ്പർ/ഇ-മെയിൽ

5. അക്കാദമിയിൽ ഇതിനുമുൻപ് അംഗീകാരം ലഭിച്ചിട്ടുണ്ടോ? [ ഉണ്ട് | ഇല്ല ]

6 നേരത്തെ ലഭിച്ച അംഗീകാരം നഷ്ടപ്പെട്ടതാണോ. ആണെങ്കിൽ എന്തുകൊണ്ട് ?

7. സൊസൈറ്റീസ്/ട്രസ്റ്റ് രജിസ്ട്രേഷൻ നമ്പർ

8. താഴെപ്പറയുന്നവയിൽ ഏതെല്ലാം ഉണ്ട് :

| | | | | | |
|---|---|---|---|---|---|
| 1. നെയിംബോർഡ് : | ഉണ്ട് | ഇല്ല | 2. സീല് : | ഉണ്ട് | ഇല്ല |
| 3. ഫർണീച്ചർ (കസേര, മേശ, ബെഞ്ച്): | ഉണ്ട് | ഇല്ല | 4 കണക്ക് ബുക്ക് : | ഉണ്ട് | ഇല്ല |
| 5. ഭരണഘടന : | ഉണ്ട് | ഇല്ല | 6. മിനിറ്റ്സ് ബുക്ക് : | ഉണ്ട് | ഇല്ല |

മേൽക്കാണിച്ച വിവരങ്ങളും വസ്തുതകളും ശരിയാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു. സമിതിയുടെ നിയമാവലി, പ്രവർത്തന റിപ്പോർട്ട്, നിലവിലുള്ള ഭരണസമിതി അംഗങ്ങളുടെ ലിസ്റ്റ് എന്നിവ ഇതോടൊപ്പം വയ്ക്കുന്നു. ഞങ്ങളുടെ കലാസ്ഥാപനത്തിന്/സംഘനക്ക് അക്കാദമിയുടെ അംഗീകാരം ലഭിക്കുന്നപക്ഷം അംഗീകാരത്തിനുള്ള ഫീസ് അക്കാദമി ആവശ്യപ്പെടുമ്പോൾ അക്കൗണ്ട് ട്രാൻസ്ഫർ/ഡി.ഡി/മണിയോർഡർ ആയി കേരള സംഗീത നാടക അക്കാദമി സെക്രട്ടറിക്ക് അയച്ചു തന്നുകൊള്ളാം. കേളിയുടെ വരിസംഖ്യ അടക്കാൻ സമ്മതമാണെന്നും അറിയിക്കുന്നു.

എന്ന്
സെക്രട്ടറി (ഒപ്പ്)
പേര് :
സ്ഥലം : ഫോൺ നമ്പർ :
തീയതി : സ്ഥാപനത്തിന്റെ/സംഘടനയുടെ സീൽ

---

ഭാരവാഹികളുടെ ഫോൺ നമ്പർ/ഇ-മെയിൽ
1

2
മേൽപ്പറഞ്ഞിട്ടുള്ള വസ്തുതകൾ എന്റെ അറിവിൽപ്പെട്ടിടത്തോളം ശരിയാണ്

സ്ഥലം : സാക്ഷ്യപ്പെടുത്തുന്ന പ്രമുഖ വ്യക്തിയുടെ
തീയതി : എം.പി/എം.എൽ.എ/തദ്ദേശ സ്വയംഭരണ
സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ ഒപ്പ് :
പേര് :
സ്ഥാനം :
ഓഫീസ് സീൽ :

ഫോൺ :
ഇ-മെയിൽ :

# അമേച്വർ കലാസമിതി അഫിലിയേഷൻ നിയമാവലി
# 25-11-2023ന് അക്കാദമി നിർവ്വാഹകസമിതി യോഗം പരിഷ്കരിച്ചത്

## അമേച്വർ കലാസമിതി, കലാസ്ഥാപനം അംഗീകാരത്തിനുള്ള വ്യവസ്ഥകൾ

1. സംഗീതം, നാടകം, നൃത്തം, ബാലെ, വാദ്യം, നാടോടിഗോത്ര കലകൾ, മാജിക്, മിമിക്രി, കഥാപ്രസംഗം, കേരളീയ കലകൾ, ക്ലാസിക് കലകൾ, ക്ഷേത്രകലകൾ എന്നീ രംഗങ്ങളിൽ ഏതിലെങ്കിലും പ്രാമുഖ്യം നൽകി കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അമേച്വർ കലാസമിതികൾക്കും സ്ഥാപനങ്ങൾക്കും കേരള സംഗീത നാടക അക്കാദമിയിൽ അംഗീകാരത്തിനു വേണ്ടി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത സമിതികളുടെ നിയമാവലിയുടെ പകർപ്പും പ്രവർത്തന റിപ്പോർട്ടും, ഭാരവാഹികളുടെ പേരു വിവരവും സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

2. ഏതു സമയത്തും അക്കാദമി അംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്.

3. അംഗീകാരത്തിനുള്ള അപേക്ഷാഫോറം അക്കാദമി ഓഫീസിൽ നിന്ന് നേരിട്ടോ തപാൽ മാർഗ്ഗമോ വെബ്സൈറ്റിലൂടെയോ സൗജന്യമായി ലഭിക്കും. ഫോറം പൂരിപ്പിച്ച് അക്കാദമി ഓഫീസിൽ നൽകേണ്ടതാണ്.

4. ചുരുങ്ങിയത് ഒരു വർഷമെങ്കിലും പ്രവർത്തിച്ചിട്ടുള്ള കലാസമിതികൾക്കു മാത്രമേ അംഗീകാരത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

5. സമിതികൾക്ക് സ്വന്തമായോ വാടകയ്ക്കോ ഉള്ള ഓഫീസ് ഉണ്ടായിരിക്കണം. നിയമാവലി, മിനിറ്റ്സ് ബുക്ക്, വരവ് ചെലവ് കണക്ക് രജിസ്റ്ററുകൾ, നെയിം ബോർഡ്, സീൽ, ആവശ്യമായ ഫർണീച്ചർ എന്നിവ ഉണ്ടായിരിക്കണം.

6. അംഗീകാരത്തിനുള്ള ഫീസ് 100/- രൂപയും അക്കാദമിയുടെ മുഖപത്രമായ കേളിയുടെ വാർഷിക വരിസംഖ്യയും (കലാസമിതികൾക്ക് നിലവിൽ ഇപ്പോൾ പ്രതിവർഷം 300/- രൂപ) ആണ്. അപേക്ഷയുടെ പരിശോധനയ്ക്ക് ശേഷം അക്കാദമിയിൽ നിന്നുള്ള അറിയിപ്പ് അനുസരിച്ച് 3 മാസത്തിനുള്ളിൽ ഫീസ് അടച്ചിരിക്കണം. അല്ലാത്തപക്ഷം പ്രസ്തുത അപേക്ഷ റദ്ദാകുന്നതാണ്.

7. അംഗീകാരമുള്ള കലാസമിതികൾ അപേക്ഷ അക്കാദമിയ്ക്ക് സമർപ്പിക്കുമ്പോൾ എം.പി, എം.എൽ.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷർ, ജില്ലാ കേന്ദ്ര കലാസമിതി സെക്രട്ടറി എന്നിവരിൽ ആരുടെയെങ്കിലും സാക്ഷ്യപത്രം ഉണ്ടായിരിക്കണം.

8. അംഗീകാരം നൽകിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ് കലാസമിതികൾക്ക് അയച്ചു തരുന്നതാണ്.

9. അക്കാദമി അംഗീകാരം 1 വർഷം, 2 വർഷം, 3 വർഷം, 4 വർഷം, 5 വർഷം എന്നീ കാലയളവുകളിലായിരിക്കും. അതാതു കാലയളവുകൾ കഴിഞ്ഞ് 3 മാസത്തിനകം അംഗീകാരം അവസാനിക്കുന്ന തീയതി തൊട്ടു പുതുക്കാവുന്നതാണ്.

10. അംഗീകാരം പുതുക്കുന്നതിനുള്ള ഫീസ് 50/- രൂപയാണ്. അതും കേളിയുടെ വാർഷിക വരിസംഖ്യയും (കലാസമിതികൾക്ക് പ്രതിവർഷം 300/- രൂപ) ചേർത്തടച്ച് യഥാകാലം അംഗീകാരം പുതുക്കേണ്ട ഉത്തരവാദിത്തം കലാസമിതികൾക്കായിരിക്കും. അംഗീകാരം പുതുക്കുന്ന സമയത്ത് മുൻവർഷത്തെ/വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ട്, ഭാരവാഹികളുടെ വിവരങ്ങൾ എന്നിവ ഹാജരാക്കേണ്ടതാണ്. ഒരിക്കൽ ലഭിച്ചു കഴിഞ്ഞ അംഗീകാരം പുതുക്കുന്നതിന് നിർവ്വാഹക സമിതി തീരുമാനം ആവശ്യമില്ല. അത് ഒരു ദൈനംദിന ഓഫീസ് നടപടി ആയി നിർവ്വഹിക്കാവുന്നതാണ്.

അതിനുശേഷമുള്ളത് (10 വർഷം വരെയുള്ള കാലയളവിലേക്ക്) പുതുക്കുന്നതിൽ വീഴ്ച വരുത്തുന്ന സജീവ പ്രവർത്തനം നടത്തുന്ന കലാസമിതികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിർവ്വാഹകസമിതിയുടെ അനുമതിയോടെ അംഗീകാരം പുതുക്കി നൽകാവുന്നതാണ്.

........2

11. സാധാരണ നിലയിൽ അക്കാദമി നിർവ്വാഹകസമിതി യോഗതീരുമാനമനുസരിച്ചായിരിക്കും കലാസമിതികൾക്ക് അഫിലിയേഷൻ ലഭിക്കുന്നത്. നിർവ്വാഹകസമിതി മേൽപ്പറഞ്ഞ കാലത്ത് നിലവിലില്ലെങ്കിലോ മറ്റേതെങ്കിലും തക്കതായ കാരണങ്ങളാലോ സെക്രട്ടറിയോ സെക്രട്ടറിയുടെ അഭാവത്തിൽ ചീഫ് എക്സിക്യൂട്ടീവ് ചുമതലയുള്ള ഉദ്യോഗസ്ഥനോ ഇതു സംബന്ധിച്ച തീരുമാനം എടുക്കാവുന്നതാണ്. ഇങ്ങനെ എടുക്കുന്ന തീരുമാനങ്ങൾക്ക് പിന്നീട് ചേരുന്ന നിർവ്വാഹകസമിതി യോഗത്തിന്റെ സാധൂകരണം തേടേണ്ടതാണ്.

12. അക്കാദമിയുടെ അംഗീകാരവും സൊസൈറ്റീസ് ആക്ട്/ട്രസ്റ്റി ആക്ട് രജിസ്ട്രേഷനുമുള്ള അമേച്വർ കലാസമിതികൾക്കു മാത്രമേ ഗ്രാന്റ് ലഭിക്കുകയുള്ളൂ. അംഗീകാരം ലഭിച്ചതുകൊണ്ടുമാത്രം ഗ്രാന്റ് ലഭിക്കണമെന്നില്ല. ധനസഹായ ശുപാർശകൾ, കെട്ടിട ഗ്രാന്റ് ശുപാർശ എന്നിവയ്ക്ക് അക്കാദമിയുടെ അംഗീകാരം നിർബന്ധമാണ്.

13. അഫിലിയേഷനും ഗ്രാന്റും സംബന്ധിച്ച അന്തിമ തീരുമാനം അക്കാദമിയിൽ നിക്ഷിപ്തമാണ്.

KERALA SANGEETHA NATAKA AKADEMI ★ TRICHUR-680020 ★

Secretary
Kerala Sangeetha Nataka
Thrissur-680 020